പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2640** — 13.03.2020-ൽ മറുപടിക്ക്

## കാസർകോട് നഗരസഭയിൽ എം.ജി.റോഡിലെ നവീകരണ പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കാസർകോട് നഗരസഭയിലെ എം.ജി.റോഡിൽ ഫുട്പാത്ത് നിർമ്മാണത്തിനും കൈവരിയ്ക്കും ഡ്രെയിനേജിനും കൂടി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) കാസർകോട് നഗരസഭയിലെ എം.ജി.റോഡിൽ ഫുട്പാത്ത് നിർമ്മാണത്തിനും കൈവരിയ്ക്കും ഡ്രെയിനേജിനും കൂടി 2 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) ഈ പ്രവൃത്തിയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും എത്ര രൂപയ്ക്കുള്ളതാണെന്നും ടെണ്ടർ ചെയ്തത് എപ്പോഴാണെന്നും വ്യക്തമാക്കാമോ; | (ബി) ഈ പ്രവൃത്തിയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും 2 കോടി രൂപയ്ക്കുള്ളതാണ്. 27.02.2019-ലാണ് പ്രവൃത്തി ടെണ്ടർ ചെയ്തത്. |
| (സി) ടെണ്ടർ കാലാവധി എത്രയാണെന്നും കരാറുകാരൻ ആരാണെന്നും പ്രവൃത്തി തുടങ്ങിയതെപ്പോഴാണെന്നും വ്യക്തമാക്കാമോ; | (സി) 5 മാസമാണ് ടെണ്ടർ കാലാവധി. ശ്രീ.ശിവശങ്കരൻ എം.ജി, കിട്ടൂർ, കമ്പള, കാസറഗോഡ് ആണ് കരാറുകാരൻ. പ്രവൃത്തി തുടങ്ങിയത് 25.05.2019-നാണ്. |
| (ഡി) പ്രവൃത്തി പൂർത്തിയായിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണെന്നും നഗരത്തിലെ പ്രധാന റോഡ് പ്രവൃത്തി പകുതിയിലാക്കിയത് മൂലം ജനങ്ങൾക്കുണ്ടാകുന്ന പ്രയാസം എപ്പോൾ മാറിക്കിട്ടുമെന്നും വ്യക്തമാക്കാമോ? | (ഡി) പ്രവൃത്തി പൂർത്തിയായിട്ടില്ല. കാസറഗോഡ് നഗരത്തിന്റെ ഏറ്റവും മധ്യഭാഗത്തായി കാസറഗോഡ് പഴയ ബസ്സ്റ്റാന്റ്, മാർക്കറ്റ്, ജനറൽ ഹോസ്പിറ്റൽ, കാസറഗോഡ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവ ഉൾപ്പെടുന്ന ഏറ്റവും തിരക്കേറിയ റോഡാണ് എം.ജി റോഡ്. സൈറ്റ് കൈമാറിയതിനുശേഷം പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ അതിശക്തമായ ട്രാഫിക് |

തിരക്ക് കാരണം ട്രാഫിക് പോലീസിന്റെ സഹായം ലഭ്യമായിട്ടുപോലും കരാറുകാരന് പകൽ സമയങ്ങളിൽ പ്രവൃത്തി നടത്തുവാൻ സാധിച്ചിരുന്നില്ല. അതിനാൽ തന്നെ രാത്രികാലങ്ങളിലാണ് ഭൂരിഭാഗം പ്രവൃത്തികളും നടന്നുവരുന്നത്. ആയതിനാൽ പ്രവൃത്തിയിൽ പ്രതീക്ഷിച്ച പുരോഗതി കൈവരിക്കുവാൻ സാധിച്ചിരുന്നില്ല. കൂടാതെ ചില വ്യാപാര സ്ഥാപനങ്ങൾ പൊതുമരാമത്ത് സ്ഥലം കയ്യേറി നിലവിലുള്ള ഓടകൾക്ക് മുകളിലായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇവ ഒഴിപ്പിച്ചെടുക്കുന്നതിനും കാലതാമസം നേരിടുകയുണ്ടായി. ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് മൂന്നോളം കച്ചവടക്കാർ കോടതിയെ സമീപിക്കുകയും പ്രവൃത്തിക്കെതിരെ താത്കാലിക സ്റ്റേ സമ്പാദിക്കുകയും ചെയ്തിരുന്നു. ഇതും പ്രവൃത്തിയുടെ പുരോഗതിയെ സാരമായി ബാധിച്ചു. കഴിഞ്ഞ വർഷ കാലത്ത് കാസറഗോഡ് ജില്ലയിലുണ്ടായ അതിശക്തമായ മഴയെത്തുടർന്ന് കരാറുകാരന് ഏകദേശം മൂന്ന് മാസത്തോളം പ്രവൃത്തി നിർത്തി വയ്ക്കേണ്ടതായി വന്നിരുന്നു. ഇതും പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. എന്നിരുന്നാലും നിലവിലെ സാഹചര്യങ്ങളിൽ 31.03.2020-ന് മുമ്പായി പ്രവൃത്തി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ